വികലാംഗരുടെ നിയമനം

3(1701) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വികലാംഗരുടെ തൊഴിൽ സംബന്ധിച്ച് 1998 ജൂലൈ 14-ാം തീയതിയിലെ ജി.ഒ.(പി)നം.20/98/പി ആന്റ് എ.ആർ.ഡി. ഉത്തരവ് പ്രകാരം 1998-ൽ എത്ര ഒഴിവുകളും, 1999-ൽ എത്ര ഒഴിവുകളും 2000-ൽ എത്ര ഒഴിവുകളും ഔദ്യോഗികമായി റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്നറിയിക്കുമോ ;

(ബി) ജി.ഒ.(പി)നം.30/95/പി ആന്റ് എ.ആർ.ഡി. ഉത്തരവ് പ്രകാരം ഓരോ വർഷവും വികലാംഗർക്ക് എത്ര നിയമനങ്ങൾ വീതം ലഭിക്കേണ്ടതുണ്ട് എന്നറിയിക്കുമോ ; ഈ കണക്കനുസരിച്ച് 1995, 1996, 1997 എന്നീ വർഷങ്ങളിൽ എത്ര ഒഴിവുകൾ നികത്താനുണ്ട് എന്നറിയിക്കുമോ ;

(സി) ആകെ എത്ര ഒഴിവുകൾ ഇപ്പോൾ നികത്താനുണ്ട് ?

ഉത്തരം

(എ) 14-7-98-ലെ ജി.ഒ.(പി)നം.20/98/പി ആന്റ് എ.ആർ.ഡി. ഉത്തരവിന്റെ അടിസ്ഥാനത്തിൽ, 1998-ൽ 474 ഒഴിവുകളും 1999-ൽ 382 ഒഴിവുകളും 2000-ൽ 362 ഒഴിവുകളും വികലാംഗർക്കായി സംസ്ഥാന സർക്കാർ സർവ്വീസിൽ സംവരണംചെയ്തിട്ടുണ്ട്.

(ബി) ജി.ഒ.(പി)നം.30/95/പി ആന്റ് എ.ആർ.ഡി. ഉത്തരവ് പ്രകാരം ഓരോ വർഷവും വികലാംഗർക്ക് 153 ഒഴിവുകൾ സംവരണം ചെയ്തിട്ടുണ്ട്. ഈ കണക്കനുസരിച്ച് 1995, 1996, 1997 എന്നീ വർഷങ്ങളിൽ 459 ഒഴിവുകൾ നികത്താനുണ്ടായിരുന്നു.

(സി) ഇപ്പോൾ ലഭ്യമായ കണക്കുകൾ പ്രകാരം 1053 ഒഴിവുകൾ നികത്താനുണ്ട്.

സെക്രട്ടേറിയറ്റ് ടൈപ്പിസ്റ്റിന് തസ്തിക മാറ്റം വഴി ലഭിക്കുന്ന നിയമനങ്ങൾ

4(1702) ശ്രീ. എൻ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെക്രട്ടേറിയറ്റ് ടൈപ്പിസ്റ്റിന് തസ്തിക മാറ്റം വഴി എന്തെല്ലാം നിയമനങ്ങളാണ് ലഭിക്കുന്നത് എന്ന് വിശദമാക്കാമോ ;

ബി) I ഗ്രേഡ് അസിസ്റ്റന്റായി ടൈപ്പിസ്റ്റുകളെ നിയമിക്കുന്നതിന് നിലവിലുള്ള മാനദണ്ഡം വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) 1:1:1:1 എന്ന റേഷ്യോ നിലവിൽ വന്നതുമൂലം സീനിയർ ഗ്രേഡോ, സെലക്ഷൻ ഗ്രേഡോ ആയ ടൈപ്പിസ്റ്റ് തസ്തികയിലുള്ളവർക്ക് അസിസ്റ്റന്റ് ഗ്രേഡ് I ആയി തസ്തിക മാറ്റം ഇപ്പോൾ ലഭിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ വിശദവിവരം വ്യക്തമാക്കാമോ ;

(ഡി) 1:1:1:1 എന്ന റേഷ്യോ പ്രൊമോഷൻ വന്നതുമൂലം സംജാതമായ അവസ്ഥയിൽ സീനിയർ ഗ്രേഡ്, സെലക്ഷൻ ഗ്രേഡ് വിഭാഗത്തിൽപ്പെട്ട ടൈപ്പിസ്റ്റുകൾക്ക് I ഗ്രേഡ് അസിസ്റ്റന്റായി മാറ്റം ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; ഇത് സംബന്ധിച്ചും എന്തെങ്കിലും തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) I ഗ്രേഡ് അസിസ്റ്റന്റായും, സെലക്ഷൻ ഓഫീസറായും, തസ്തിക മാറ്റം വഴി നിയമനം ലഭിക്കാൻ സെക്രട്ടേറിയറ്റ് ടൈപ്പിസ്റ്റിന് അർഹതയുണ്ട്.

(ബി) 10 വർഷം സർവീസ് പൂർത്തിയാക്കിയ I -ാം ഗ്രേഡ് ടൈപ്പിസ്റ്റിന് I -ാം ഗ്രേഡ് അസിസ്റ്റന്റിന് നിശ്ചിയിച്ചിട്ടുള്ള യോഗ്യത (ഡിഗ്രി, അക്കൗണ്ട് ടെസ്റ്റ്, സെക്രട്ടേറിയറ്റ് മാനുവൽ ടെസ്റ്റ്) യ്ക്കു വിധേയമായി 12:1 എന്ന അനുപാതത്തിൽ അസിസ്റ്റന്റ് ഗ്രേഡ് I ആയി നിയമനം നൽകിവരുന്നു.

(സി) ഇല്ല. നിലവിലുള്ള നിയമപ്രകാരം ഗ്രേഡ് I ടൈപ്പിസ്റ്റിന് മാത്രമേ ഗ്രേഡ് I അസിസ്റ്റന്റായി തസ്തിക മാറ്റത്തിന് അർഹതയുള്ളൂ.

(ഡി) നടപടി സ്വീകരിച്ചുവരുന്നു.

മുഖ്യമന്ത്രിയുടെ പേരിൽ അച്ചടിച്ച പുസ്തകങ്ങൾ

5(1710) ശ്രീ. എ. കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരമേറ്റശേഷം ഇതുവരെ പബ്ലിക് റിലേഷൻസ് വകുപ്പ് വഴി മുഖ്യമന്ത്രിയുടെ പേരിൽ ഏതെല്ലാം തലക്കെട്ടുകളിൽ പുസ്തകങ്ങൾ പ്രിന്റ് ചെയ്തിട്ടുണ്ട് ;

(ബി) ഇവ ഓരോന്നും എത്ര വീതം പ്രിന്റ് ചെയ്തു ;

(സി) ഓരോ പുസ്തകവും പ്രിന്റ് ചെയ്യുന്നതിന് എത്ര രൂപാ വീതം ചെലവായിട്ടുണ്ട് ;

(ഡി) ഏതെല്ലാം പ്രസ്സുകളിലാണ് ഇവ പ്രിന്റ് ചെയ്തിട്ടുള്ളത് ;

(ഇ) ഈ പുസ്തകങ്ങൾക്കെല്ലാം കൂടി ആകെ എത്രകോടി രൂപാ പ്രിന്റിംഗ് ചാർജ് ആയിട്ടുണ്ട് ;

(എഫ്) പ്രിന്റിംഗ് ചാർജ്ജ് കൊടുക്കുവാൻ ബാക്കിയുണ്ടോ ; എങ്കിൽ ഇത്ര തുകയാണെന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES, Kerala Legislative Assembly